# കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത: പാരഡി നോവൽ എന്ന നിലയിൽ ഒരു വായന

- സോയ വി.ടി

**പ്രബന്ധ സംഗ്രഹം**

പത്തൊമ്പതാംനൂറ്റാണ്ടിൽ കാതറീൻ ഹന്ന മുല്ലൻസ് ബംഗാളിഭാഷയിൽ രചിച്ച് റവ. ജോസഫ് പീറ്റ് മലയാളഭാഷയിലേക്ക് വിവർത്തനം ചെയ്ത *ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ* എന്ന നോവലിന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലുണ്ടായ വിധ്വംസക സ്വഭാവമുള്ള പാരഡിയാണ് ആർ. രാജശ്രീയുടെ *കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത* എന്ന നോവൽ. പാരഡി എന്ന ആഖ്യാന സങ്കല്പനം ഉപയോഗിച്ചുകൊണ്ട് രണ്ട് നോവലുകളിലെയും അടിസ്ഥാന സങ്കല്പങ്ങളെ ഈ പ്രബന്ധത്തിൽ താരതമ്യം ചെയ്യുന്നു.

**താക്കോൽ വാക്കുകൾ**

നോവൽ, വിവർത്തനം, ഭാവുകത്വം, പാരഡി, ആധുനികത, ഉത്തരാധുനികത, നോവൽ ഭാവുകത്വം, കൊളോണിയലിസം, പോസ്റ്റ്-കൊളോണിയലിസം, സ്ത്രീമാതൃക, വിക്ടോറിയൻ സദാചാരം, മിഷണറി മലയാളം, കാതറിൻ ഹന്ന മുല്ലൻസ്, ആർ.രാജശ്രീ

കിഴക്കേപ്പാട്ട് രാമൻ കുട്ടിമേനോൻ 1892-ൽ എഴുതിയ പറങ്ങോടീപരിണയം എന്ന കൃതിയുടെ ഡി.സി.ബുക്സ് പതിപ്പിനുള്ള ആമുഖ പഠനത്തിൽ വി.സി.ഹാരിസ് പാരഡിയുടെ രണ്ട് സ്വഭാവവിശേഷങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്.

1. നോവലിന്റെ മുൻകാല കാല്പനികരൂപങ്ങളെ പൊളിച്ചെഴുതി കൂടുതൽ യഥാതഥവും മതനിരപേക്ഷവുമായ ആഖ്യാനപരിസരം സൃഷ്ടിക്കുക വഴി പാരഡി നോവലിന്റെ മൗലിക സ്വഭാവത്തിൽ ഉൾക്കൊണ്ടിരിക്കുന്നു.
2. പാരഡി എപ്പോഴും ഹാസ്യരസ പ്രധാനമാകണമെന്നില്ല. ഹാസ്യാനുകരണമല്ലാതെ നോവലിന്റെ പഴയരൂപത്തേയോ ആഖ്യാന പരിസരത്തേയോ പൊളിച്ചെഴുതുക എന്നൊരു ധർമ്മം പാരഡിയ്ക്കുണ്ട്.

(ഹാരിസ് : 2013:12)

ഈ സവിശേഷതകളെ മുൻനിർത്തി മലയാളഭാഷയിൽ വന്ന ആദ്യനോവലായ ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ എന്ന വിവർത്തനനോവലിന്റെ പാരഡിയാണ് ആർ. രാജശ്രീയുടെ കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത എന്ന് സമർത്ഥിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

**ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ**

ഭാരതീയ ഭാഷകളിലെ ആദ്യനോവൽ എന്ന് ഡോ. സ്കറിയ സക്കറിയ വിശേഷിപ്പിക്കുന്ന ഈ നോവൽ (2019:645) കാതറീൻ ഹന്ന മുല്ലൻസ് ബംഗാളി ഭാഷയിലെഴുതി 1852-ൽ പ്രസിദ്ധീകരിച്ചു. കാതറീൻ ഹന്ന മുല്ലൻസിന്റെ കൃതിയ്ക്ക് ബാസൽമിഷൻ പ്രവർത്തകർ *1884-ൽ പത്മിനിയും കരുണയും* എന്നപേരിൽ ഒരു തർജ്ജമ പ്രസിദ്ധീകരിച്ചിരുന്നുവെന്ന്

ജോർജ്ജ് ഇരുമ്പയം രേഖപ്പെടുത്തിയിട്ടുണ്ട് (2012:61). ആ കൃതി ഇതുവരെ കണ്ടുകിട്ടിയിട്ടില്ല. എന്നാൽ *ഫൂൽമോനിക്ക്* ജോസഫ് പീറ്റ് തയ്യാറാക്കിയ മലയാള വിവർത്തനം 1858-ൽ തന്നെ പ്രസിദ്ധപ്പെടുത്തി. 1853-ൽ കൽക്കത്തയിൽ നിന്ന് പ്രസിദ്ധപ്പെടുത്തിയ ഇംഗ്ലീഷ് തർജ്ജമയെ അധികരിച്ചാവണം പീറ്റിന്റെ വിവർത്തനം എന്ന് സ്കറിയ സക്കറിയ അഭിപ്രായപ്പെടുന്നു. മലയാളഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ നോവലായിരുന്നിട്ടും റവ. ജോർജ്ജ് മാത്തന്റെ *ബാലാഭ്യസന*ത്തിലൊഴികെ, ആദ്യകാല സാഹിത്യചരിത്രങ്ങളിൽ ഒരിടത്തുപോലും ഈ കൃതി പരാമർശിക്കപ്പെട്ടിരുന്നില്ല. 1986-ൽ ട്യൂബിങ്ങൻ സർവ്വകലാശാലയിൽ നിന്ന് ഡോ. സ്കറിയ സക്കറിയ ഈ കൃതിയുടെ ഒരു പകർപ്പ് കണ്ടെത്തുകയും 130 വർഷങ്ങൾക്ക് ശേഷം ആദ്യപതിപ്പ് അച്ചടിച്ചിറക്കിയ കോട്ടയം പട്ടണത്തിൽ നിന്നുതന്നെ അതിന്റെ ഒരു സംശോധിത പതിപ്പ് 1989-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പേരുസൂചിപ്പിക്കും പോലെ ഫുൽമോനി, കോരുണ എന്നീ സ്ത്രീകളുടെ കഥയാണ് ഈ നോവലിന്റെ മുഖ്യപ്രമേയം. വ്യത്യസ്ത സ്വഭാവക്കാരും വ്യത്യസ്ത ജീവിതപരിസരങ്ങളുള്ളവരുമായ രണ്ടു സ്ത്രീകളാണിവർ. ഇവരുടെ കഥ പറയുന്ന ഒരു സ്ത്രീ ആഖ്യാതാവിന്റെ സാന്നിദ്ധ്യവും നോവലിലുണ്ട്. 'ഇന്ദ്യായിലെ സ്ത്രീജനങ്ങൾക്ക് പ്രയോജനത്തിനായി'എഴുതിയതാണെന്ന് പരിഭാഷയിൽ രേഖപ്പെടുത്തിയിട്ടുള്ള ഈ കൃതിയിൽ ഫുൽമോനി എന്ന കഥാപാത്രത്തെ ഒരു മാതൃകാസ്ത്രീയായാണ് അവതരിപ്പിക്കുന്നത്. നല്ലത് / ചീത്ത എന്നിങ്ങനെ രണ്ട് സ്ത്രീമാതൃകകൾ ഈ നോവലിൽ അവതരിപ്പിക്കപ്പെടുന്നുണ്ട്. കഥയൊടുവിൽ ചീത്തയെ നല്ലതായി പരിവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഫുൽമോനിയെപ്പോലെയാവാനാണ് കോരുണയോട് ആഖ്യാതാവായ മദാമ്മ പറയുന്നത്.

ഈശ്വര വിശ്വാസത്തിലടിയുറച്ചതും - ഈനോവലിൽ അത് ക്രൈസ്തവ മതവിശ്വാസമാണ് - ഭദ്രവുമായ ഒരു കുടുംബ സങ്കല്പം ഈ നോവൽ വിനിമയം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ട്. അതിന്റെ ഉത്തമമാതൃകയായാണ് ഫുൽമോനിയുടെ കുടുംബം അവതരിപ്പിക്കപ്പെടുന്നത്. ആ കുടുംബത്തെ ഇപ്രകാരം ഭദ്രവും സുന്ദരവും സന്തോഷം നിറഞ്ഞതുമാക്കി നിലനിർത്തുന്നത് ഫുൽമോനിയാകയാൽ അവൾക്ക് ഉത്തമ കുടുംബിനിയുടെ പരിവേഷം ലഭിക്കുന്നു. ഫുൽമോനിയുടെ സ്വഭാവത്തിൽ നേരിയ കളങ്കംപോലും വായനക്കാർക്ക് കണ്ടെത്താനാവില്ല. അവൾ വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു; വീട്ടുജോലികൾ സന്തോഷത്തോടെ ചെയ്യുന്നു; മക്കളെ ഈശ്വരവിശ്വാസികളും സദ്സ്വഭാവികളുമാക്കി വളർത്തുന്നു. തന്റെ റോസാച്ചെടി അശ്രദ്ധമായി ഒടിച്ചുകളഞ്ഞിട്ടും അയൽക്കാരിയായ കോരുണയോട് ഫുൽമോനി പരുഷമായി സംസാരിക്കുന്നില്ല.

> അന്നേരം ഫുൽമോനി ഒരു കൊച്ചുകിണ്ടിയിൽ എണ്ണയും കൊണ്ടു വെളിയിൽ വന്ന പുഷ്പചെടി ഒടിഞ്ഞ വീണുപോയത കണ്ടിട്ട വളരെ ദുഖത്തോടും കൂടെ കോരുണയോട, കോരുണേ! നീ എന്റെ സാറായുടെ പുഷ്പം കളഞ്ഞത വേണ്ടിയില്ലാഞ്ഞുവല്ലോ എന്ന പറഞ്ഞു........'പുല്ലുവാടുകയും പുഷ്പം ഉതിർന്നുപോകയും ചെയ്യുന്നു; എന്നാൽ യഹോവായുടെ വചനം എന്നന്നേക്കും നിലനിൽക്കുന്നു'...കോരുണേ!എന്നെപ്പോലെ നീ അതിന്റെ സാരം ഗ്രഹിച്ചു എങ്കിൽ കൊള്ളായിരുന്നു എന്ന ഞാൻ ആഗ്രഹിക്കുന്നു. (1858:17)

മാത്രവുമല്ല കോരുണയ്ക്ക് ഒരു ചട്ട തയ്ച്ചുകൊടുക്കാനും അവളെ ഉപദേശിച്ചു നന്നാക്കാനും ശ്രദ്ധവയ്ക്കുന്നുണ്ട്. പാതിരി സായ്‌വിന്റെ തപാൽക്കാരൻ കുടിയായ, ഭർത്താവ് ഭാഗ്യനാഥൻ അസുഖ

ബാധിതനായിരിക്കുമ്പോൾ കുടുംബത്തെ സംരക്ഷിക്കാൻ വേണ്ടി ഇംഗ്ലീഷ് പള്ളിക്കൂടത്തിലെ ആശാനായ സത്യനാഥന്റെ വീട്ടിൽ കുശിനിക്കാരിയായി ജോലിക്കു പോകുന്നുണ്ട് ഫുൽമോനി. കുടുംബത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുത്താൻ മദാമ്മയുടെ വീട്ടിൽ ആയയായി പോകാൻ മകൾ സാറ താത്പര്യം പ്രകടിപ്പിക്കുമ്പോൾ അതിനെ വിലക്കുന്നുമില്ല. കുടുംബഭദ്രതയ്ക്ക് ഫുൽമോനി ഏറെ പ്രാധാന്യം കൊടുക്കുന്നുണ്ടെന്ന് ഇതിൽ നിന്നു വ്യക്തമാവുന്നു. സൗമ്യതയും സ്നേഹവും സഹായ സന്നദ്ധതയുമാണ് അവളുടെ സ്വഭാവത്തിലെ മുഖമുദ്രകൾ.

ഇമ്മട്ടിലുള്ള ഒരു ഉത്തമകുടുംബിനിയെ വാർത്തെടുക്കുന്ന ഈ കൃതി, അതേ മാതൃക പിന്തുടരാനാണ് മറ്റു സ്ത്രീകളെ പ്രേരിപ്പിക്കുന്നത്. ഈ കുടുംബിനീ സങ്കല്പത്തെ ഉറപ്പിക്കുന്നത് നേരെ വിപരീതസ്വഭാവമുള്ള ഒരു സ്ത്രീകഥാപാത്രത്തെ– കോരുണ-കൂടി സൃഷ്ടിച്ചുകൊണ്ടാണ്. വ്യക്തിശുചിത്വമില്ലായ്മ, ദൈവാരാധനയിൽ താത്പര്യമില്ലായ്മ, വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിലോ മക്കളെ വിശ്വാസികളും സദ്സ്വഭാവികളുമായി വളർത്തുന്നതിലോ ശ്രദ്ധയില്ലായ്മ, സ്വാർത്ഥത, മര്യാദയില്ലായ്മ എന്നിങ്ങനെ ഫുൽമോനിയുടേതിൽ നിന്നു തികച്ചും എതിർ സ്വഭാവത്തിലാണ് കോരുണ എന്ന കഥാപാത്രത്തെ വാർത്തെടുക്കുന്നത്. ഫുൽമോനിയെപ്പോലെ ഉത്തമ കുടുംബിനിയല്ല കോരുണ. ഭർത്താവിനോടവൾക്ക് സ്നേഹമോ പരിഗണനയോ ഇല്ല. സ്വയം അദ്ധ്വാനിച്ച് കുടുംബം മെച്ചപ്പെടുത്തണമെന്ന് അവൾ താത്പര്യപ്പെടുന്നില്ല. പക്ഷേ ഫുൽമോനിയുടെ സംസർഗ്ഗവും ആഖ്യാതാവായ മദാമ്മയുടെ ഉപദേശവും കോരുണയെ പരിവർത്തിപ്പിച്ച് ഫുൽമോനിയെപ്പോലെ ഉത്തമ കുടുംബിനിയാക്കുന്നതോടെ നോവൽ അവസാനിപ്പിക്കുന്നു. ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമായ പാപബോധം സ്വന്തം മകന്റെ കാര്യത്തിൽ

കോരുണയ്ക്കുണ്ടാവുന്നതോടെ അവളുടെ മാനസിക പരിവർത്തനം പൂർണ്ണമാകുന്നു.

കൊളോണിയൽ ഇന്ത്യയിലെ കുടുംബ സംവിധാനം എങ്ങനെയായിരിക്കണം എന്നതിന്റെ ഒരു മാതൃകയാണ് കാതറീൻ ഹന്ന മുല്ലൻസ് ഈ നോവലിൽ അവതരിപ്പിക്കുന്നത്. ക്രൈസ്തവാശയങ്ങളിലും വിക്ടോറിയൻ സദാചാരമൂല്യങ്ങളിലും അടിയുറച്ച് വിശ്വസിക്കുന്ന കുടുംബ സംവിധാനത്തെയാണ് ഈ കൃതി പ്രോത്സാഹിപ്പിക്കുന്നത്. സ്ത്രീക്ക് വിദ്യാഭ്യാസം നൽകണമെന്നും അവളുടെ ജീവിതം മെച്ചപ്പെടണമെന്നുമുള്ള കൊളോണിയലും ആധുനികവുമായ ചിന്താഗതികളെ ഈ കൃതി പ്രോത്സാഹിപ്പിക്കുന്നുണ്ട്. പക്ഷേ അവളെ ഉത്തമ കുടുംബിനിയായി വാർത്തെടുക്കുന്നതിനും അവളിലൂടെ കുടുംബം മെച്ചപ്പെടുന്നതിനും വേണ്ടിയാകണം വിദ്യാഭ്യാസം പ്രയോജനപ്പെടേണ്ടത് എന്നുള്ള സ്ഥാപിത താത്പര്യവും ഈ കൃതിക്കുണ്ടെന്ന് കാണാതിരുന്നുകൂടാ. ഇന്ദുലേഖ തൊട്ടുള്ള ആദ്യകാല മലയാളനോവലുകളിലെ നായികമാരെല്ലാം വിദ്യാഭ്യാസം സിദ്ധിച്ച ഉത്തമ കുടുംബിനികളായിരുന്നു എന്നുള്ളത് ഇതോടൊപ്പം ചേർത്തു വെക്കേണ്ട കാര്യമാണ്.

പാശ്ചാത്യാധുനികതയുടെയും ക്രൈസ്തവമതപ്രചരണത്തിന്റെയും കൊളോണിയൽ ഇംഗ്ലീഷ് വിദ്യഭ്യാസത്തിന്റെയും വിക്ടോറിയൻ സദാചാരസങ്കല്പത്തിന്റെയും പുരുഷകേന്ദ്രിതമായ അണുകുടുംബ രൂപീകരണത്തിന്റെയും പശ്ചാത്തലത്തിൽ പത്തൊമ്പതാം നൂറ്റാണ്ടിലുണ്ടായ ഈ കൃതിയ്ക്ക് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഉത്തരാധുനികമായ ഒരു അവബോധം രൂപപ്പെട്ടുവരുന്ന പശ്ചാത്തലത്തിലുണ്ടായ പൊളിച്ചെഴുത്താണ് ആർ. രാജശ്രീയുടെ *കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത* എന്ന നോവൽ.

**കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത**

ആർ. രാജശ്രീ ഫേസ്ബുക്കിലൂടെ പ്രസിദ്ധീകരിക്കുകയും 2019ൽ അല്പം ചില മാറ്റങ്ങളോടെ പുസ്തകരൂപത്തിൽ പുറത്തിറങ്ങുകയും ചെയ്ത നോവലാണ് *കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത.* അതിന്റെ പേരിൽത്തന്നെ തുടങ്ങുന്നുണ്ട് ഈ നോവലിന്റെ പാരഡി സ്വഭാവം. കൊളോണിയൽ കാലഘട്ടത്തിൽ *ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ* എന്ന നോവൽ രചിച്ച കാതറീൻ ഹന്ന മുല്ലൻസ് ഒരു മിഷണറിയുടെ മകളും മറ്റൊരു മിഷണറിയുടെ ഭാര്യയുമായിരുന്നു. വിദേശ മിഷണറിയായ ജോസഫ് പീറ്റാണ് 'മിഷണറി മലയാളം' എന്ന് വിളിപ്പേരുള്ള, പ്രബോധനപരതയ്ക്ക് മുൻതൂക്കമുള്ള ഗദ്യത്തിൽ ഇത് മലയാളത്തിലേക്ക് തർജ്ജമ ചെയ്തത്. ഈ വിവർത്തനകൃതിയുടെ രൂപം, ആഖ്യാനപരിസരം എന്നിവയുടെ പൊളിച്ചെഴുത്താണ് *കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത.* ഈ പൊളിച്ചെഴുത്ത് ഇതിന്റെ തലക്കെട്ടിൽ നിന്നുതന്നെ തുടങ്ങുന്നു. 'കഥ' എന്ന മാനക ഭാഷാരൂപത്തിനു പകരം 'കത' എന്ന ഭാഷാഭേദത്തെ നോവലിസ്റ്റ് തലക്കെട്ടിൽ പ്രതിഷ്ഠിച്ചുകൊണ്ടാണ് ഈ പൊളിച്ചെഴുത്തു തുടങ്ങുന്നത്.

നോവൽ എന്ന ആഖ്യാനരൂപത്തിൽ മിഷണറി മലയാളത്തിനെതിരായി ഭാഷാപരമായ കലാപം പത്തൊമ്പതാം നൂറ്റാണ്ടുതൊട്ടേ തുടങ്ങുന്നുണ്ട്. മലയാളഭാഷയിലെ 'ലക്ഷണമൊത്ത' ആദ്യനോവലായ *ഇന്ദുലേഖ* എഴുതിയിട്ടുള്ളത് 'വീട്ടിൽ സാധാരണ സംസാരിക്കുന്ന മലയാളഭാഷയിൽ ആകുന്നു' എന്ന് കർത്താവായ ഒ.ചന്തുമേനോൻ രണ്ടാം പതിപ്പിനെഴുതിയ അവതാരികയിൽ പറയുന്നുണ്ട്. ഈ കലാപത്തിന്റെ ഒരു തുടർച്ചയും മിഷണറി മലയാളത്തിലുള്ള ആഖ്യാനരീതിയുടെ പൊളിച്ചെഴുത്തുമാണ് '*കല്യാണി*'യിലും കാണുന്നത്.

'*എൽമോനി*'യിലേതുപോലെ ഈ നോവലിലും ആഖ്യാതാവ് കഥാപാത്രമായുണ്ട്. പക്ഷേ '*എൽമോനി*'യിലേതു പോലെ സാക്ഷി മാത്രമായല്ല ഇവിടെ. ആഖ്യാതാവിന്റെ ജീവിതം മറ്റുകഥാപാത്രങ്ങളുടെ ജീവിതം പോലെ സംഭവബഹുലമാകുന്നുണ്ട്. പ്രധാന കഥാപാത്രമായ കല്യാണി പലപ്പോഴും ആഖ്യാതാവിന്റെ ജീവിതത്തിൽപോലും ഇടപെടുന്നുണ്ട്. ഉത്തരാധുനികതയുടെ ആഖ്യാന സ്വഭാവത്തിലേക്ക് ഈ കൃതിയെ എത്തിക്കുന്നത് ഇത്തരം സവിശേഷതകളാണ്.

'*എൽമോനി*'യിൽ കാണുന്നതുപോലെ ഒരു റോൾ മോഡലിനെ സൃഷ്ടിക്കുകയും അതിന്റെ ഉത്കൃഷ്ടത വർദ്ധിപ്പിക്കാനായി മാറ്റുകുറഞ്ഞ, ന്യൂനതകളുള്ള അപരത്തെ സൃഷ്ടിക്കുകയും ചെയ്യുന്ന രീതിയെ ഈ നോവൽ തകർക്കുന്നുണ്ട്. നോവലിന്റെ തലക്കെട്ടിലെ കഥാപാത്രങ്ങളായ കല്യാണിയോ ദാക്ഷായണിയോ റോൾമോഡലുകളല്ല. ഒരാൾ മറ്റേയാളിന്റെ അപരവുമല്ല. 'സ്ത്രീകൾ തമ്മിൽ വ്യത്യാസങ്ങളുണ്ട്; പരസ്പരം പിന്തുണയ്ക്കാനായി സ്ത്രീകൾ അവരുടെ വ്യത്യസ്തമായ ശക്തികൾ ഉപയോഗിക്കുന്നു. ഇത് ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള കരുത്തായുപയോഗിക്കണം എന്ന് അമേരിക്കൻ എഴുത്തുകാരിയും പോസ്റ്റ് കൊളോണിയൽ ഫെമിനിസ്റ്റുമായ ഓഡ്രി ലോർഡ് *The Master' s Tools Will Never Dismantle the Master' s House* എന്ന ലേഖനത്തിൽ പറയുന്നുണ്ട്. ഈ ആശയം *കല്യാണി...* നോവലിനോട് ചേർന്നു നിൽക്കുന്നു. ഈ കൃതിയിലെ കഥാപാത്രങ്ങൾ സ്വതന്ത്രരാണ്, ഒപ്പം വ്യത്യസ്തരും. ഒരാൾ മറ്റേയാളാകാൻ ശ്രമിക്കുകയോ അങ്ങനെ ആക്കാൻ വേണ്ടി ആഖ്യാതാവ് അവരുടെ കാര്യങ്ങളിൽ ഇടപെടുകയോ ചെയ്യുന്നില്ല.

മനുഷ്യനും ദൈവവുമായുള്ള ബന്ധം '*എൽമോനി*'യിലേതുപോലെയല്ല '*കല്യാണി*'യിൽ. '*എൽമോനി*'യിലെ ദൈവം ഒരു അജ്ഞാത ശക്തിയാണെങ്കിൽ '*കല്യാണി*'യിൽ കഥാപാത്രങ്ങളിൽ ഒരാളും, മനുഷ്യരുമായി

സ്നേഹസൗഹാർദ്ദങ്ങൾ പുലർത്തുന്ന ഒരാളുമായി മാറുന്നുണ്ട്. പേറ്റുനോവനുഭവിക്കുന്ന യക്ഷിയേയും ചോന്നമ്മയേയുമെല്ലാം സ്ത്രീകളെന്ന നിലയ്ക്കാണ് '*കല്യാണി*'യിലെ സ്ത്രീകഥാപാത്രങ്ങൾ പരിഗണിക്കുന്നത്.

'അമ്മേ..'

'ബെരട്ട് ബെരട്ട്. മുക്കല് നിർത്തിയാ കൊല്ലും നിന്ന ഞാൻ. കുഞ്ഞി ബയിക്ക് തടഞ്ഞ് പോവ്വേ'

'കുഞ്ഞ്! കൊല്ലും ഞാൻ!'

'അതല്ല. ഇപ്പം കുഞ്ഞിപൊറത്ത് ബരണങ്കിൽ അയിന ഇഷ്ടായേലേ പറ്റൂ. നല്ല മോളല്ലേ, ബേം നോക്ക്.'

(ദാക്ഷായണി യക്ഷിയുടെ പ്രസവമെടുക്കുന്ന സന്ദർഭം 2019:106 )

*'ഫ്ൽമോനി'* മുന്നോട്ട് വയ്ക്കുന്ന കുടുംബഭദ്രതയ്ക്കും ഉത്തമകുടുംബിനീ സങ്കല്പത്തിനും ഈ നോവൽ അല്പം പോലും വില കൽപ്പിക്കുന്നില്ല. വ്യക്തിയ്ക്കാണിവിടെ പ്രാധാന്യം. കുടുംബത്തെ കെട്ടിപ്പടുക്കുന്നവളും വിളക്കിയും ഇണക്കിയും നിർത്തുന്നവളുമല്ല സ്ത്രീ ഇവിടെ. നാരായണനിൽനിന്ന് കിട്ടാത്ത ലൈംഗികജീവിതം കല്യാണി നാരായണന്റെ അനിയൻ ലക്ഷ്മണനിൽ നിന്നു കണ്ടെത്തുന്നു. അതിലവൾക്ക് പാപബോധമില്ല. നാരായണൻ അപ്രത്യക്ഷനായതിലും അവൾ സ്വയം കുറ്റാരോപണം നടത്തുന്നില്ല. മകൻ കളവിനിടയ്ക്ക് ദുർമരണപ്പെട്ടതിൽ കോരുണ സ്വയം കുറ്റപ്പെടുത്തുന്നത് ഇവിടെ ഓർക്കേണ്ടതാണ്. ആണിക്കാരനുമായുള്ള ദാമ്പത്യം കുടഞ്ഞെറിഞ്ഞ് ദാക്ഷായണിയും വ്യക്തിജീവിതത്തിലെ അസ്വസ്ഥതകളെയും അസ്വാതന്ത്ര്യങ്ങളെയും മടിയില്ലാതെ ഉപേക്ഷിക്കുന്നുണ്ട്. സൗമ്യതയും സ്നേഹവും പരസ്പരപൂരകങ്ങളാവുകയും ഉത്തമസ്ത്രീക്ക്, ഉത്തമകുടുംബിനിയ്ക്ക് ഇവ

അലങ്കാരങ്ങളാണെന്ന് '*ഘാതകവധ*'വെളിപ്പെടുത്തുകയും ചെയ്യുമ്പോൾ പരുക്കൻ മട്ടും ആരെയും കൂസാത്ത രൗദ്രഭാവവും മടിയേതുമില്ലാതെ തെറിവാക്കുകൾ അടിക്കടിയുപയോഗിക്കുന്ന പ്രതികരണശീലവും '*കല്യാണി*' യിലെ കഥാപാത്രങ്ങൾക്ക് വ്യക്തിത്വമേകുന്നു. വികാരവും വിചാരവും പ്രതികരണശേഷിയും സ്വയം നിർണ്ണയശേഷിയുമുള്ള ഒരു സ്വതന്ത്ര വ്യക്തിയാണ് സ്ത്രീ ഈ നോവലിൽ. '*ഘാതകവധ*' യിലെ മിനുക്കിയെടുത്ത റോൾ മോഡലിനെ ഇതിലെ ഒരു കഥാപാത്രം പോലും പ്രതിനിധീകരിക്കുന്നില്ല.

**ഉപസംഹാരം**

പോസ്റ്റ് കൊളോണിയൽ സ്ത്രീപക്ഷ എഴുത്തുകാരിൽ കൊളോണിയൽ സ്ത്രീ സങ്കല്പങ്ങളെ ഉടച്ചുവാർക്കാനുള്ള ഒരു ത്വര സ്വാഭാവികമാണ്. സ്ത്രീസങ്കല്പം, കുടുംബസങ്കല്പം എന്നിവ മാത്രമല്ല  ഭാഷ, ആഖ്യാനപരിസരം, നോവൽരൂപം എന്നിവയെ അപ്പാടെ പൊളിച്ചെഴുതിയാണ്  ആർ. രാജശ്രീ  പത്തൊമ്പതാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട മലയാളഭാഷയിലെ ആദ്യത്തെ (വിവർത്തന) നോവലിന് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ വിധ്വംസക സ്വഭാവമുള്ള ഒരു പാരഡി രചിക്കുന്നത്. മലയാള നോവൽ സഹിത്യത്തിന്റെയും നോവൽ ഭാവുകത്വത്തിന്റെയും മൂലക്കല്ലായിരുന്ന *ഘാതകവധം എന്നും കോരുണ എന്നും പേരായ രണ്ട്  സ്ത്രീകളുടെ കഥ* എന്നതിനാൽ ആർ.രാജശ്രീയുടെ *കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കത* എന്ന നോവൽ ആ മൂലക്കല്ലുകൾ പിഴുതുമാറ്റുന്നതിനായി പിൽക്കാലത്തു ശ്രമിച്ചുകൊണ്ടിരുന്ന നിരവധി സ്ത്രീപക്ഷ നോവലെഴുത്തുകാരുടെ ചരിത്രപരമായ വിജയത്തിന്റെ കൊടിയടയാളം കൂടിയാണെന്നു പറയാം.

**ഗ്രന്ഥസൂചി**

1.*കല്യാണിയെന്നും ദാക്ഷായണിയെന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ*-ആർ രാജശ്രീ, 2019, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

2.*ഫുൽമോനി എന്നും കോരുണ എന്നും പേരായ രണ്ടു സ്ത്രീകളുടെ കഥ* - കാതറീൻ ഹന്ന മുല്ലൻസ് (വിവ. ജോസഫ് പീറ്റ്), 1858, സി.എം.എസ് പ്രസ്, കോട്ടയം.

3.*മലയാളനോവൽ പത്തൊമ്പതാം നൂറ്റാണ്ടിൽ* - ഡോ. ജോർജ്ജ് ഇരുമ്പയം, 2012, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ.

4.*മലയാളവഴികൾ-2 സ്കറിയാസക്കറിയയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ* - ഡോ. സുനിൽ പി. ഇളയിടം, ഡോ. എൻ. അജയകുമാർ (സമാഹരണവും പഠനവും), 2019, എസ്.പി.സി.എസ് കോട്ടയം.

5.*ഇന്ദുലേഖ* - ഒ. ചന്തുമേനോൻ, 2016, ഡി.സി. ബുക്സ്, കോട്ടയം.

6.*പറങ്ങോടീപരിണയം* - കിഴക്കേപ്പാട്ടു രാമൻകുട്ടി മേനോൻ, 2013, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം.

***ഗവേഷക, മലയാളവിഭാഗം, ശ്രീ നീലകണ്ഠ ഗവ.സംസ്കൃത കോളേജ്, പട്ടാമ്പി***